# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3099      13/10/2011 ൽ മറുപടിക്ക്

**പോലീസുകാരുടെ യാത്രാബത്ത കുടിശ്ശിക**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | പുതിയ ശമ്പളപരിഷ്ക്കരണത്തിലെ പോലീസുകാരുടെ യാത്രാബത്താ 'സീലിംഗ്' എത്രയാണ് ; | (എ) 2009-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം പോലീസുകാരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ യാത്ര ബത്ത സീലിംഗ് ഉയർത്തി നിശ്ചയിച്ചിട്ടില്ല. |
| (ബി) | പുതിയ ശമ്പളപരിഷ്ക്കരണമനുസരിച്ചുള്ള യാത്രാബത്ത ലഭ്യമാകുന്നതിന് പ്രത്യേക ഉത്തരവ് ആവശ്യമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ ; | (ബി) 2009-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിലുള്ള യാത്രബത്ത 01.02.2011 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്. യാത്രബത്തയുടെ അനുവദിച്ചിട്ടുള്ള പരിധി കടക്കാതെ കൈപ്പറ്റുന്നതിന് പ്രത്യേക ഉത്തരവ് ആവശ്യമില്ല. |
| (സി) | ഇപ്രകാരം കണ്ണൂർ ജില്ലയിൽ പോലീസുകാരുടെ ടി.എ. മാറിയിട്ടുണ്ടോ ; ഏതു കാലയളവുവരെയുള്ള യാത്രാബത്തയാണ് മാറിയിട്ടുള്ളത് ; | (സി) ഇല്ല. 2010 ഡിസംബർ വരെയുള്ള യാത്ര ബത്ത മാറി നല്കിയിട്ടുണ്ട്. |
| (ഡി) | കുടിശ്ശിക ടി.എ. എന്നത്തേക്കു വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ഡി) സർക്കാർ ജീവനക്കാരുടെ പുതുക്കിയ യാത്രബത്ത ഉത്തരവ് പുറപ്പെടുവിക്കുന്നതോടുകൂടി കുടിശ്ശിക ടി.എ വിതരണം ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ